# മഷിപ്പച്ച

**ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം**

പുസ്തകം 5 ലക്കം 12 പേജുകൾ 29 മാർച്ച് 2025



## സുർബഹാർ


കവിത: രമ വിഷാരടി

- കഥ, കവിത
- കഥാപഠനം
- കാർട്ടൂൺ കേരളം

ബാലചന്ദ്രൻ എം.ആർ.

## അന്നപൂർണദേവി: നിരാസശീലുകളുടെ രാജകുമാരി


JOS ALUKKAS
A TRADITION OF FINE JEWELLERY
FLAT
50%
DISCOUNT*
സ്വർണ്ണാഭരണങ്ങളുടെ
പണിക്കൂലിയിൽ
*Limited period offer
വില കുതിക്കുമ്പോൾ
സ്വർണ്ണം വാങ്ങാൻ
ഏറ്റവും നല്ല ഇടം
ഡയമണ്ട്സ്
20% കിഴിവ്
പ്ലാറ്റിനം
7% കിഴിവ്
PUSH360
THRISSUR: Round East. Ph: 0487-2331812 . Shop online at www.josalukkasonline.com




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

# ട്രാജഡി ഓഫ് എ റിലേഷൻഷിപ്പ്



വിശ്വപ്രസിദ്ധ സിത്താർ വാദകൻ പണ്ഡിറ്റ് രവിശങ്കറിന്റെ ആദ്യ ഭാര്യ അന്നപൂർണ്ണാ ദേവിയുടെ ജീവിതം ഉണർത്തുന്ന ചില ചിന്തകൾ ഈ ലക്കം പങ്കുവെക്കുന്നു. സംഗീത ലോകത്ത് തന്നെക്കാൾ ഖ്യാതിയിലേക്ക് അന്നപൂർണ വളരുന്നത് തടയുകയായിരുന്നുവോ രവിശങ്കറിന്റെ ചെയ്തികൾ എന്ന സംശയം ബലപ്പെടുത്തുന്ന നിരീക്ഷണങ്ങൾ പലരിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഗുരുവിന്റെ മകളെ വിവാഹം ചെയ്ത രവിശങ്കർ, പിന്നീട് അവളെ പൊതുവേദികളിൽ നിന്നും ബോധപൂർവ്വം അകറ്റി നിർത്തി. ഗൃഹാന്തരീക്ഷത്തിൽ ഒതുങ്ങി നിൽക്കുവാൻ നിർബന്ധിതയായതോടെ അന്നപൂർണ്ണ, ഗൃഹം തടവറയായി സ്വീകരിച്ചു എന്നത് ഉദ്വേഗത്തോടെയല്ലാതെ വായിച്ചറിയാൻ വിഷമം.

സുർബഹാർ, സിത്താർ എന്നീ വാദ്യോപകരണങ്ങളിൽ ലോകം കണ്ട ഏറ്റവും മികച്ച വാദകയായി വാഴിക്കപ്പെടുവാൻ യോഗ്യയായിരുന്ന അന്നപൂർണ, പുരുഷാധിപത്യത്തിന്റെ ദുരയുടെയും അസൂയയുടെയും ഇരയായി തീർന്നു എന്നതാണ് ശരി. തന്റെ പ്രശസ്തിക്ക് മങ്ങലേൽപ്പിക്കുന്ന വളർച്ച അന്നപൂർണ നേടുമെന്ന് ഉറപ്പുണ്ടായിരുന്ന ആളാണ് രവിശങ്കർ. പതിനാലാം വയസ്സിൽ രവിശങ്കറിന്റെ ഭാര്യ പദവിയിൽ എത്തിയ അന്നപൂർണയെ പുറം ലോകത്തുനിന്നും മറച്ചുവെക്കാൻ രവിശങ്കറിന് എളുപ്പം സാധിച്ചു.

പൊതുവേദികളിലെ പെർഫോർമൻസിന് ശേഷം അന്നപൂർണയെ ആരാധകർ പൊതിയുന്നതും അഭിനന്ദിക്കുന്നതും പതിവായിരുന്നു. രവിശങ്കറിന് അത് ഉൾക്കൊള്ളുവാൻ സാധിച്ചിരുന്നില്ല. വിവാഹമെന്ന ചരടിൽ ബന്ധിച്ച് അന്നപൂർണയെ നിശബ്ദയാക്കാൻ അങ്ങനെ രവിശങ്കറിന് കഴിഞ്ഞു.

'ട്രാജഡി ഓഫ് എ റിലേഷൻഷിപ്പ്' എന്ന പേരിൽ 'മാൻസ് വേൾഡ്' ഡിജിറ്റൽ മാഗസിനിൽ അന്നപൂർണയുമായി ഒരു ഇന്റർവ്യൂ പ്രസിദ്ധീകരിച്ചിരുന്നു. ഞെട്ടലുളവാക്കുന്ന യാഥാർത്ഥ്യങ്ങൾ അങ്ങനെ ലോകത്തിനു മുന്നിൽ തുറക്കപ്പെട്ടു. രവിശങ്കറിന്റെ നിരന്തര കുറ്റപ്പെടുത്തലുകളിൽ മനം മടുത്താണത്രെ അന്നപൂർണ, താനിനി പൊതുവേദിയിലേക്കില്ല എന്ന ശപഥമെടുത്തത്.

ഫോൺ കോളുകൾ പോലും പിന്നെ അവർ എടുത്തിരുന്നില്ല. ബോധപൂർവ്വം തകർക്കപ്പെട്ട തന്റെ സംഗീത സപര്യയ്ക്ക് പകരമായി സ്വയം ശിക്ഷിക്കുകയായിരുന്നു അന്നപൂർണ. സുർബഹാർ, സിത്താർ വാദനകലയിലെ എക്കാലത്തെയും രാജകുമാരിയെ അങ്ങനെ ലോകം അറിയാതെ പോയി.

**-സി.ആർ.രാജൻ,**
എഡിറ്റർ

# അകത്താളുകളിൽ


## കഥ

ഷംല ആവള ...................... പേജ് 19

## കാർട്ടൂൺ

എം. ആർ. ബാലചന്ദ്രൻ ........... പേജ് 5

## കഥാപഠനം

ദർശന ............................ പേജ് 26

## ലേഖനം

സ്വന്തം ലേഖകൻ .................. പേജ് 7

## കുട്ടികളുടെ മഷിപ്പച്ച .. പേജ് 21

## കവിത

രമാപിഷാരടി....................... പേജ് 6

ആദ്യ സെയിൻ ..................... പേജ് 9

ലേഖ കാക്കനാട്ട്.................. പേജ് 10

ഷഫീന സൈത്തൂൻ............. പേജ് 11

സുഭാഷ് പോണോളി ............. പേജ് 12

സതി സതീഷ് ..................... പേജ് 13

രാജു കാഞ്ഞിരങ്ങാട്............ പേജ് 14

കയ്യുമ്മു കോട്ടപ്പടി ............... പേജ് 15

മഞ്ജു ഗണേഷ്.................. പേജ് 16

നിബിൻ കള്ളിക്കാട്............. പേജ് 17

കുഞ്ഞച്ചൻ മത്തായി ........... പേജ് 18













## കാർട്ടൂൺ കേരളം



എം. ആർ. ബാലചന്ദ്രൻ



# സുർബഹാർ

കവിത



രമാ പിഷാരടി

എത്രനാൾ തിരഞ്ഞു ഞാൻ
നിന്റെ സുർബഹാർ കേൾക്കാൻ
എത്രനാളന്വേഷിച്ചു-
നിന്റെ സാധകം കേൾക്കാൻ
ചുറ്റിലും പ്രകാശിത സൂര്യ-
ബിംബത്തിൻ താഴെയെത്ര-
യപ്രകാശിതം നിന്റെ-
സുർബഹാർ നാദം
എങ്കിലും കേൾക്കാമത്
ഹൃദയത്തിനുള്ളിലായ്
മന്ത്രമായ് വിശുദ്ധമാം
സംഗീതസർഗ്ഗം പോലെ
നിനക്ക് മൗനം തന്നെ നിന്റെ-
സംഗീതം കേട്ട്
പ്രപഞ്ചം നിശ്ശേഷ്ടമായ്
ശിരസ്സ് താഴ്ത്തുന്നുണ്ട്
പ്രകൃതിക്കതേ മഴ-
ത്തുള്ളിയിൽ, സമുദ്രത്തിൻ
ജലഗാന്ധാരങ്ങളിൽ
നിന്നെ ഞാൻ കേൾക്കുന്നുണ്ട്
വിരൽത്തുമ്പിലായ് നാദ-
ബ്രഹ്മങ്ങളുണ്ടെങ്കിലും
മിഴിക്കുള്ളിലായ് ശാന്തസാഗരം
സൂക്ഷിപ്പോളേ
നിന്റെ കൺപീലിയ്ക്കുള്ളിൽ
തിളങ്ങും നക്ഷത്രങ്ങൾ
നിന്റെ കൈക്കുടന്നയിൽ
സ്വരങ്ങൾ, ഖയാലുകൾ
നിന്റെ ജാലകങ്ങളെ
മൂടുന്നു മുല്ലപ്പൂവ്
നിന്റെ വീടുൾത്താളത്തിൽ
ശുദ്ധദൈവതം കേൾക്കാം
നിന്റെ പർണ്ണശാലയിൽ
മെയ്ഹറിൻ ഘരാനകൾ

നിനക്ക് ചുറ്റും പുല്ലാങ്കുഴലും
സരോദുമായവിടെ കേൾക്കുന്നത്
വിശുദ്ധമഹാഗീതം
ആളനക്കങ്ങൾ മഹാരവങ്ങൾ
കേൾക്കാൻ പോയൊരാളാതാ-
മറന്നിട്ട ഭൂമിമണ്ഡപത്തിലായ്
നീയിരിക്കുന്നു, സ്വസ്ഥസാധകം
ചെയ്തീടുന്നു, കാലവും ഋതുക്കളും
സ്തബ്ദമായ് നിന്നീടുന്നു
നിന്റെ സംഗീതം കേട്ട്
വിരിയുന്നാമ്പൽ ജല-
കന്യകളതും കേട്ട്
താളമിട്ടൊഴുകുന്നു
നിനക്ക് ചൂടാനിതാ
നക്ഷത്രദലപ്പൂവ്
നിനക്ക് പ്രാർത്ഥിക്കുവാൻ
പ്രപഞ്ചഹൃദ്മണ്ഡപം
നിനക്ക് കാവൽ
ഗ്രഹതാരങ്ങൾ
സപ്തർഷികൾ
നിനക്ക് കൂട്ടായുണ്ട്
ധ്രുവനക്ഷത്രം നിന്റെ
മിഴിയിൽ തൊടുന്നുണ്ട്
സാഗരം, ചിദാകാശം

ചുറ്റിലും തിരക്കിട്ട് പോകുന്ന
ലോകത്തിന്റെ
അർദ്ധവൃത്തങ്ങൾക്കുള്ളിൽ
മയങ്ങിക്കിടക്കാതെ
നിനക്ക് വായിക്കാമീ
സുർബഹാർ വീണ്ടും വീണ്ടും
നിനക്ക് ഹൃദയം തൊട്ടിവിടെ
പാടാം വീണ്ടും...




# നിരാസശീലുകളുടെ രാജകുമാരി

**സ്വന്തം ലേഖകൻ**

**പ**ണ്ഡിറ്റ് രവിശങ്കറിന്റെ ആദ്യപത്നി അന്നപൂർണ്ണാദേവി എന്ന റോഷനാരാ ഖാൻ കൂടുതൽ അറിയപ്പെടാതിരുന്നതിന് ഒരു കാരണമുണ്ട്. സംഗീത ലോകത്തെ പുരുഷാധിപത്യം. ഇന്ത്യ കണ്ട ഏറ്റവും വലിയ സംഗീത പ്രതിഭ പിന്നീട് നിരാസ കലയുടെ രാജകുമാരിയായി സ്വയം ശിക്ഷിക്കുകയായിരുന്നു. ഭാരതീയ പുരുഷാധിപത്യത്തിൽ ഇരയാക്കപ്പെട്ട മഹാപ്രതിഭയാണ് അന്നപൂർണ ദേവി.

പണ്ഡിറ്റ് രവിശങ്കർ എന്ന ലോകമറിയുന്ന മഹാസംഗീതജ്ഞന്റെ പ്രശസ്തി, അന്നപൂർണ എന്ന ഭാര്യയെ വീട്ടിൽ അടച്ചിട്ട് നിർമ്മിച്ചതായിരുന്നു എന്ന അറിവ് ഇന്ന് പലർക്കുമുണ്ട്. വിവാഹശേഷം ഭാര്യയെ പൊതുവേദികളിലെ സംഗീതത്തിൽ നിന്ന് വിലക്കിയ രവിശങ്കറിൽ നിന്ന് തുടങ്ങുന്നു അന്നപൂർണ എന്ന മഹാസംഗീതജ്ഞയുടെ മരണം. വിവാഹശേഷം അന്നപൂർണയുടെ സുർബഹാർ (വാദ്യ ഉപകരണം) ഉണർന്നതേയില്ല.



ആരെയും കാണാതെ, അജ്ഞാത ജീവിതത്തിലേക്ക് വലിഞ്ഞ അന്നപൂർണ, പിന്നീട് ഹിന്ദുസ്ഥാനി സംഗീതം കണ്ട മഹാപ്രതിഭകളെ സൃഷ്ടിക്കുക മാത്രം ചെയ്തു. ഇന്ത്യൻ സംഗീത ചരിത്രം തിരുത്തി എഴുതുമായിരുന്ന പ്രതിഭയാണ് വീട്ടിൽ അടയ്ക്കപ്പെട്ടതെന്ന യാഥാർത്ഥ്യത്തിന് മുൻപിൽ മങ്ങലേൽക്കുന്ന ചിത്രം ആരുടേതാണെന്ന് പ്രത്യേകം പ്രതിപാദിക്കേണ്ടതില്ലല്ലോ.

അന്ന് മുതൽ ഇന്നോളം ഹിന്ദുസ്ഥാനി സംഗീതം ഒരിക്കലും

ഒരുകാലത്തും അന്നപൂർണയുടെ പ്രതിഭാശേഷിയുള്ള ഒരു സംഗീതജ്ഞയേയും സംഗീതജ്ഞനെയും കണ്ടിട്ടില്ല. തഴുതിട്ട തടവറയിൽ ഇന്ത്യൻ സംഗീതത്തിന്റെ ഒരു നൂറ്റാണ്ട് കണ്ട വലിയ വെളിച്ചമാണ് അണഞ്ഞു പോയത്.

ഹരിപ്രസാദ് ചൗരസ്യ എന്ന അന്നപൂർണയുടെ പ്രിയ ശിഷ്യൻ ഗുരുനാഥയെ ഓർക്കുന്നത് ഇങ്ങനെ: 'ചന്ദ്രകൗസ്' പഠിപ്പിക്കുമ്പോൾ ആ കണ്ണുകളിൽ മറ്റൊരിടത്തും കാണാതിരുന്ന തിളക്കം ഉണ്ടായിരുന്നു. വേണം എന്നതിനേക്കാൾ വേണ്ടെന്ന് വെക്കാൻ കരുത്ത് നേടിയ തിളക്കം. നിരാസകല സ്വായത്തമാക്കിയ തിളക്കം.

അന്നപൂർണ എങ്ങനെയാകും ശിഷ്യരെ പഠിപ്പിച്ചിരിക്കുക? ഏതുതരം ഗുരുനാഥ ആയിരുന്നിരിക്കും അവർ? അവരുടെ തഴുതിട്ട മുറിയിൽ ചെന്ന് സംഗീതം പഠിക്കാൻ മഹാഭാഗ്യം സിദ്ധിച്ച ഏതാനും പേർക്കുമാത്രം പറയാൻ സാധിക്കുമായിരിക്കും നിരാസ കലയുടെ രാജകുമാരിയുടെ തടങ്കൽ കഥകൾ. വേണമെന്ന് വെക്കുന്നതിലും മൂർച്ചയുള്ള വേണ്ടെന്ന് വെക്കലിന് അന്നപൂർണയോളം വലിയ മറ്റൊരു സാക്ഷ്യം കണ്ടേക്കില്ല.

പത്മഭൂഷൻ പുരസ്കാരം കൊണ്ടുചെന്നപ്പോൾ പോലും മലബാർ ഹില്ലിലെ അന്നപൂർണയുടെ വാതിൽ തുറക്കാനായില്ല എന്നത് ചരിത്രം. മുനകൂർത്ത ഈ നിരാസത്തിന്റെ കാരണക്കാരൻ – സിത്താർ മാന്ത്രികൻ രവിശങ്കർ മരിച്ചെന്നറിഞ്ഞിട്ടും ആ വാതിൽ തുറന്നില്ലത്രേ!

## റോഷനാരാഖാൻ എന്ന അന്നപൂർണദേവി

ഇന്ത്യയിലെ പ്രശസ്തയായ സുർബഹാർ വാദകയും ഹിന്ദുസ്ഥാനി ശാസ്ത്രീയസംഗീത വിദൂഷിയുമായിരുന്നു അന്നപൂർണദേവി. 1927 ഏപ്രിൽ 23ന് ഉസ്താദ് അലാവുദ്ദീൻ ഖാന്റെ മകളായി മെയ്ഹാളിൽ ജനിച്ചു. സേനിയ മെയ്ഹാർ ഖരാനയിലെ വിഖ്യാത സംഗീതജ്ഞനായ ഉസ്താദ് അലാവുദ്ദീൻ ഖാൻ, രാജകൊട്ടാരത്തിലെ സംഗീതജ്ഞനായിരുന്നു. അന്നപൂർണയുടെ യഥാർത്ഥ നാമം റോഷനാരാഖാൻ എന്നാണ്. ഉസ്താദ് തന്നെയാണ് ആദ്യഗുരു.

ഉസ്താദിന്റെ മൂന്നു പെൺകുട്ടികളിൽ (ജഹനാര, ശാരിജ, റോഷനാരാ) ഏറ്റവും ഇളയവളായിരുന്നു അന്നപൂർണ. ശാരിജ കുട്ടിയായിരിക്കുമ്പോൾ മരിച്ചിരുന്നു. വിവാഹിതയായ ജഹനാരയ്ക്ക് ഭർതൃഗൃഹത്തിൽ, തന്റെ സംഗീതത്തെചൊല്ലി ക്രൂരപീഡനങ്ങളേറ്റുവാങ്ങേണ്ടിവന്നു. ഭർതൃമാതാവ് ജഹനാരയുടെ തംബുരു കത്തിച്ചുകളഞ്ഞതറിഞ്ഞ ഉസ്താദ്, റോഷനാരയെ സംഗീതം പഠിപ്പിക്കേണ്ടെന്ന തീരുമാനമെടുത്തിരുന്നു. എന്നാൽ റോഷനാരയെ സഹോദരൻ അലി അക്ബർ ഖാൻ രഹസ്യമായി സംഗീതം പഠിപ്പിക്കുന്നത് യാദൃച്ഛികമായി കാണാനിടയായ ഉസ്താദ് തന്റെ തീരുമാനം മാറ്റി. റോഷനാരയ്ക്ക് ഹിന്ദുസ്ഥാനി ശാസ്ത്രീയസംഗീതത്തിലും സിത്താറിലും സുർബഹാറിലും പരിശീലനം നൽകി. മൂത്തമകൾക്ക് സംഗീതത്തിന്റെ പേരിൽ ക്രൂരപീഡനമേൽക്കേണ്ടിവന്നതിനാൽ, ഒരു ഹിന്ദു കുടുംബത്തിലേക്ക് റോഷനാര വധുവായി പോകുന്നത് ഉസ്താദിന് സമ്മതമായിരുന്നു. അങ്ങനെ പതിനാലാം വയസിൽ റോഷനാര മതംമാറി ഹിന്ദുവായി. ഉസ്താദിന്റെ ശിഷ്യനായിരുന്ന രവിശങ്കറിനെ വിവാഹം കഴിച്ചു.



# ആ കറുപ്പ് എന്റേതാണ്

കവിത



ആദ്യ സെയിൻ



മഴവില്ലിന്റെ ഭംഗിയെ വാഴ്ത്തി ജൂൺ വന്നു.
ലോകം നിറങ്ങളുടെ ആഘോഷമായി.
വർണ്ണ കൊടികളുമായി എല്ലാരും കൂടി.
നാടുണർത്തി പ്രൈഡ് പരേഡ്.

റെയിൻബോ ഫേയ്സ് പെയിന്റിങ്ങ്
ചെയ്ത കോളേജ് കുട്ടികൾ,
മഴവില്ലിനെ സീസണൽ ലോഗോ ആക്കി
മാറ്റിയ കമ്പനികൾ,
സ്വാതന്ത്ര്യ ദിനത്തിനെന്ന പോലെ
മഴവിൽ കൊടികൾ തെരുവിൽ വിൽക്കുന്നവർ,
മഴവില്ലിനെ പരിചയപ്പെടുത്തുന്നവർ.

ആ കൂട്ടത്തിൽ ഞാൻ ഒരു കറുപ്പു കണ്ടു.
വർണ്ണാഘോഷ മേളയിൽ നിശബ്ദമായി
അലയടിക്കുന്ന ഒരു കറുപ്പ്,
നിറമാർന്ന മഴവില്ലിൽ നിന്ന്
ഒറ്റപ്പെട്ട ഒരു കറുപ്പ്,
വർണ്ണങ്ങളിൽ ഒന്നെങ്കിലും
നിഴൽ പോലെ നിൽക്കുന്ന ഒരു കറുപ്പ്.

ആ കറുപ്പ് എന്റേതാണ്.

കവിത

# അക്വേറിയം



ലേഖ കാക്കനാട്ട്



ദിശയറിയാതെ
ചില്ലുകൂട്ടിനുള്ളിൽ
തലങ്ങും
വിലങ്ങും
നീന്തി നടന്നു..

അസ്വാതന്ത്ര്യത്തിന്റെ പുള്ളിക്കുത്തേറ്റ
ചിറകുകളിളക്കി
കാഴ്ചവസ്തുവായ് തീർന്ന
സ്വർണമേനിയെ
പഴിച്ച്..
രൂപസാദൃശ്യമുള്ള
വെള്ളാരം കല്ലുകൾക്കിടയിൽ
ഒഴുക്കില്ലാത്ത
പ്രണയ മുദ്രകളുടെ
തനിയാവർത്തനമായ നീർക്കുമിളകൾ
ഉടയുമ്പോൾ
അവരും ആശിച്ചുവോ..

ഇനിയെങ്കിലും നീന്തിത്തുടിക്കാൻ
കഴിയാതിരുന്നെങ്കിൽ...

കവിത

# ഒച്ച്



ഷഫീന സൈത്തൂൻ

വഴിപ്പാതകളിൽ
വ്യക്തതയുടെ വിടവില്ലാത്ത നിർണ്ണയമെറിഞ്ഞ്
സൃഷ്ടിയുടെ കരവിരുതുപതിച്ച്
കാലവായ്ത്താരികളിലിടം നേടി
സുരക്ഷയുടെ മുദ്രണത്താൽ
ചലനവേഗങ്ങൾക്ക് നിശ്ചയമില്ലാതെ

രാവറിയാതെ
പകലറിയാതെ
പാതകളിൽ വീണുറങ്ങി
ഒച്ചയില്ലാതെ പാഥേയമുണ്ണുന്ന
പരദേശീ,

നിന്നിൽ
അടയിരുന്നു വിരിയിച്ച സ്വപ്നങ്ങളുണ്ടോ?

ജീവിതഭാരമേലാപ്പ്
നിന്റെ മുതുകിൽ മാത്രമാണ് നേരിട്ടു കണ്ടത്!

വിഷാദത്തിന്റെ നീരൊഴുക്ക്
നിന്നിൽ മാത്രമാണ് പൊഴിയുന്നതറിഞ്ഞത്

തൂക്കമെത്ര?
അളവെത്ര?
ഞാൻ ചോദിക്കുന്നില്ല!



# ഉൾവനം



സുഭാഷ് പോണോളി.

ഓർമ്മകളൊരു നിബിഡവനമാണ്...

കരിനാഗക്കൊത്തേറ്റ
കടിവായകളുടെ നീല മുദ്രകൾ

കരുണയുടെ കാതലില്ലാ മരങ്ങളുടെ ഉൾക്കാടുകൾ.

നനവിറങ്ങാത്ത വെയിൽപ്പുറ്റുകളിൽ
വിശന്നുവീണ കിളിയുടെ ജഡം പകുത്തെടുത്ത പശിയുടെ
മൂർച്ചരാകുന്ന പല്ലുകൾ.

അതേ
ഓർമ്മകളൊരു വൻ മരക്കാടാണ്.

പുൽമേടുകളിൽ മേയും
പേടമാനുകളെ പതിയിരുന്ന് വീഴ്ത്തുന്ന
പ്രത്യയശാസ്ത്ര സാരാംശം വാഴുമിടം.

തനിമയുടെ നീർച്ചോലകളുടെ നിർത്താതെയുള്ള
കുറുകലിൽ താളമിടുന്ന പുതുനാമ്പുകളുടെ വർഗ്ഗസമരക്കളരി.

കിതച്ചോടുന്ന മുയൽക്കുഞ്ഞിന്റെ
ചുവന്നകണ്ണിലെ
ചോരകിനിയും പേടി ഞരമ്പ്.

മഷിത്തണ്ടുകൾ വളരുന്ന
സ്ഫടിക ജലാശയത്തിന്റെ
അടിത്തട്ടിലെ ചീങ്കണ്ണിയാട്ടങ്ങൾ.

വേട്ടക്കാരന്റെ കാഞ്ചിയിലെ
വെടിയുണ്ടയുടെ ഉയിർ വേട്ടദാഹം.

പുള്ളിപ്പുലിയുടെ
നോട്ടം വട്ടിപ്പലിശക്കാരന്റെ
കണ്ണുകൾപോലെ
തുണിയുരിഞ്ഞെടുക്കുന്നു.

വരിഞ്ഞുക്കെട്ടി,
തലയിലേറ്റുന്ന ഉണങ്ങിയ കമ്പുകൾ
ഗോത്രശാഖിയുടെ വിണ്ടടർന്ന പാദങ്ങളിലെ
കാനനചക്രം വരയ്ക്കുന്നു.

അതിർത്തിയിലെ കർഷകന്റെ ഓങ്ങുമരത്തിൽ
വൃശ്ചിക കാറ്റിന്റെ തണുത്ത ഉടൽ തൂങ്ങിയാടുന്നു.

തേൻ ശേഖരിക്കാൻ പോയ
കറുത്ത മനുഷ്യരെ കാലം കനലിൽ ചുട്ടെടുക്കുന്നു.


പരുവമെത്താത്ത പെൺകിടാവിന്റെ അടിവയറ്റിലെ
മൂലധനം മുറുക്കിച്ചുവപ്പിച്ച സന്ധ്യയുടെതല്ല..

അതേ ഓർമ്മകളെനിക്ക്
നീണാൾവാഴുന്ന
അരുതായ്മകളുടെ ഉൾവനമാണ്...



കവിത

# മോഹങ്ങൾ





സതി സതീഷ്

അടരുവാൻ
കഴിയുന്നില്ലല്ലോ....
നിന്നിൽനിന്നും
ഇനിയും നനഞ്ഞിട്ടില്ലാത്ത നമുക്കിടയിലെ
പെയ്യാതെ പോയ മഴ
നനയുവാനൊരു
മോഹം....
നീയെന്ന നിലാവിനെ
നനച്ചുകൊണ്ട്
ഒരു പരിഭവമഴ പെയ്യുന്നുണ്ടെന്നുള്ളിൽ....
ചിതലെടുത്ത സ്വപ്നം
വീണ്ടും മിഴിവോടെ
തെളിയുമ്പോൾ
മനസ്സിൽ നിന്നും
കുടിയിറക്കാൻ
കഴിയാത്തത്ര
കരളോളം
അമർത്തിയുടച്ച
പ്രണയം... വിരലുകൾക്കിടയിലൂടൂർന്നുപോയ
ജീവിതം തിരികെയെത്തിയപ്പോൾ
മരണംവരെ നീ
ഈ പുൽനാമ്പിനോട്
ചേർന്നുനിൽക്കണമെന്ന്
പറയാതെ പറയുന്ന
മഞ്ഞുതുള്ളിയായ്
നീയെന്നിലേയ്ക്കും
ഞാൻ നിന്നിലേയ്ക്കും
രാത്രിയുടെ പ്രണയം
വിടർന്ന
നിശാഗന്ധിപോൽ
എന്നുള്ളിൽ നിന്റെ
സാമീപ്യം
വീണാനാദംപോൽ
സുഖസാന്ദ്രമാവുന്നു.

# സ്വപ്നം



രാജു കാഞ്ഞിരങ്ങാട്

ആ രാത്രിയിൽ
ആദ്യമായി
ആയിരം നക്ഷത്രങ്ങളായ്
മിന്നി നിന്നു നീയെന്നിൽ

ഒരു മേശയ്ക്കപ്പുറം കേൾ-
ക്കാത്ത
പതിഞ്ഞ സ്വരം
കവിത കവിയുന്ന മിഴികൾ
പാദസര കിലുക്കം

പാദങ്ങളിൽ തൊട്ടു പിൻ -
മാറുന്ന തിരപോലെ
സുഖദ ദലമർമ്മരം പോലെ
ചിന്നി നിൽക്കും ചാറ്റൽ മഴ -
പോലെ
ഇക്കിളിയാക്കുന്നിടയ്ക്കിടെ

ഇന്നുവരെ പറഞ്ഞിട്ടില്ല ഞാൻ
ആരോടും
അങ്ങനെയൊരു ഭാവം നടിച്ചി-
ട്ടേയില്ല
മറ്റെല്ലാം മറന്നിട്ടും
മറക്കാത്ത ആ ഒന്നു മാത്രം
ഇടയ്ക്കിടേ എത്തി നോക്കാ-
റുണ്ട്

പിന്നെയിന്നോളം കണ്ടിട്ടില്ല
എന്നെക്കുറിച്ചു ഞാൻ
ഇങ്ങനെ ഒരു സ്വപ്നം



# ഈ പട്ടുറുമാൽ നിനക്കായ്



കയ്യുമ്മു കോട്ടപ്പടി

ഓർമ്മിക്കാനാവുന്നില്ല
ഒന്നും .....
അക്കാലമത്രയും
കൂടെ നടന്നിട്ടും.....!
  എന്തുപറ്റിയെന്നറിയില്ല
എങ്കിലും പരിഭവിച്ചുപോ-
ക്കുന്നുണ്ട്, ചില നേരങ്ങ-
ളിൽ ഞാൻ ......


ചിലപ്പോഴൊക്കെ
ചില ഇടങ്ങളിൽ വെച്ച്
കണ്ടുമുട്ടലും പരിഭവിക്കലും.....
എന്നിട്ടും ആശിച്ചുപോകുന്നു ഞാൻ
ഈ മനസ്സൊന്ന്
കണ്ടിരുന്നെങ്കിലെന്ന്!

ഏതോ ഒരു വഴിത്തിരി
വിലെ വ്യഥാഭരിതമായ
സങ്കടത്തിൽ
പഴയ കഥയിലെ മണമടിച്ച്
കണ്ണുനിറയുമ്പോൾ
ഉരുകിയൊലിച്ച വേദനകൾ
ഒരു മയക്കത്തിലേക്ക്
തെറിച്ചു വീഴുമ്പോൾ
വെറുതെയെങ്കിലും
ആശിച്ചുപോകുന്നു ഞാൻ
വീണ്ടും ഒന്ന് കണ്ടു -
മുട്ടിയിരുന്നെങ്കിലെന്ന്!

നിന്റെ നയനങ്ങളിൽ
വിടർന്ന നമ്മുടെ
പ്രണയാക്ഷരങ്ങൾ
തുന്നിചേർത്ത ഒരു പട്ടുറു-
മാൽ നിനക്കായ്
കാത്തു വെച്ചിട്ടുണ്ട്
ഈ ദുനിയാവിലെന്റെ
ആശകൾ നിറയുന്ന,
വിരിയാനായ് വെമ്പിനില്ക്കുന്ന
ഒരു പൂവായ് വിടർന്നെ
ങ്കിലെന്ന്......

# കളഞ്ഞുപോയ വഴി

കവിത




മഞ്ജു ഗണേഷ്

വിരലുകളിൽ ഒരു തിടുക്കം
പച്ച കുത്തുന്നതുവരെ
ഭൂമിയെ തിരിച്ചുകൊണ്ടിരുന്നപ്പോൾ
അതിന്നിടയിൽ നിന്നൊരു പൂമ്പാറ്റ
ചിറകടിച്ചു പറന്നുയർന്നു
അത് ഏറ്റവുമവസാനം പറന്നിരിക്കുന്നിടത്ത്
പണ്ടെന്നോ ജലമൊഴുകിയിരുന്ന
ഒരു നനവുണ്ടായിരിക്കും..

അവിടെ പണ്ട് കാട് ഉണ്ടായിരിക്കും......
അവിടെ ചെവിയോർത്താൽ
ആകാശത്തേക്ക് ആകാശത്തേക്ക് എന്ന്
ഒരായിരം ചിറകുകൾ കുടയുന്ന
ഒച്ച കേൾക്കുന്നുണ്ടാവും...
കാട്ടുപൂക്കളെ തേടിയെത്തുന്ന വണ്ടുകൾ ചെ
വി തല കേൾപ്പിക്കാതെ മുരളുന്നുണ്ടാവും....
കാട്ടാനക്കൂട്ടങ്ങൾ കാട് വിറപ്പിക്കുന്നുണ്ടാവും....
കാട്ടുതീയായെരിഞ്ഞപ്പോൾ
കിളിയായ കിളിയൊക്കെ
കാട്ടിൽ നിന്ന് കൂട് തുറന്നു
പറന്നു പോയിട്ടുണ്ടാവും...

പച്ചച്ഛായമിളകിപ്പോയി
കരിഞ്ഞയിലകൾക്കു ചുറ്റും
കാട്ടിലേക്ക് കളഞ്ഞു പോയ വഴി
പമ്മിയിരിക്കുന്നുണ്ടാവും.....



കവിത

# ദാനം

ഞാൻ മരിയ്ക്കും മുൻപ്
ചിലതൊക്കെ പറയുവാനുണ്ട്
മരണശേഷം
പറയുവാൻ കഴിയില്ലല്ലോ

എന്റെ മരണശേഷം
ഞാൻ ജീവിച്ചിരിന്നപ്പോൾ
എന്നെ കാണാതിരുന്ന
ദൈവങ്ങൾക്കെല്ലാമായി
എന്റെ കണ്ണുകൾ
ദാനം ചെയ്യണം ,

എന്റെ അപേക്ഷകൾ
കേൾക്കാതിരുന്നവർക്കെല്ലാം
എന്റെ ചെവികൾ .

സ്നേഹിക്കാൻ മടിച്ച
ബന്ധങ്ങൾക്കെല്ലാം
എന്റെ സ്നേഹമുള്ള ഹൃദയം ,

ചുംബിക്കാൻ മറന്നവൾക്ക്
എന്റെ ചുണ്ടുകൾ ,

മൗനത്തിൽ ഒഴിവാക്കി
നടന്നകന്നവർക്കെല്ലാം
എന്റെ നാവും ,

നിറം നോക്കിയകന്നവർക്ക്
എന്റെ രക്തവുമുൾപ്പടെ
നിങ്ങൾ ദാനം ചെയ്യണം.....!

എങ്കിലുമൊരു സംശയം ,
പ്രിയപ്പെട്ട ജീവിതമേ
നിനക്കായി കാത്തിരുന്ന
എന്റെ മനസ്സെന്തു ചെയ്യും..

കാത്തിരിക്കാൻ മാത്രം
അറിയാവുന്നയെന്റെ മനസ്സിനെ
ഞാനാർക്കിനി കൊടുക്കും, ?





നിബിൻ കള്ളിക്കാട്

# ക്രൂരമർത്ത്യൻ

കവിത

മിന്നും വേഗത്താലോടും
ഉരഗത്തെ കാണവേ
തല്ലി കൊല്ലാതെ വിട്ടു
കളഞ്ഞതെൻ മനസ്സും

ഇന്നെങ്കിലുമൊരു ജീ-
വിയെ വെറുതെ വിട്ട
തിലാനന്ദംചൊരിഞ്ഞു
മൂകമാം ദൂരതകൾ

പറയാണ്ട് വയ്യ മി-
ത്തരം ബഹുമതികൾ
സമ്പാദിച്ച ഋതുക്ക -
ളിലോർത്തു മയങ്ങുന്നു

നന്മ വിതച്ച പുണ്യ
ത്തിന് പുരസ്കാരങ്ങൾ
വന്നു ചേരുന്നതിലും
നിദ്രതൻ കിനാവുകൾ.

നേരം പുലർന്നുണരും
കണികാണും ചുവരിൽ
സന്ദേശ കവിതകൾ
മീട്ടിയിടുന്നു ഗൗളി ’

നാളെതൻ നല്ലവാക്കിൻ
നക്ഷത്ര ചിഹ്നമായി
ഭാഗ്യചീട്ടിൻനമ്പരും
ഭാഗ്യ അക്കങ്ങളായി ’

മാറ്റത്തിന്റെ വേലികൾ
കെട്ടിയാടുന്ന മനം
സ്വയമെഴുതി ചേർത്തു
നവചിത്ര ലോകങ്ങൾ’

കാരുണ്യ ചക്രങ്ങളിൽ സഞ്ചാരിയായിടുന്നു
അവശഹൃദയങ്ങൾ
ക്കൊരാശ്വാസമാകുന്നു.



കുഞ്ഞച്ചൻ മത്തായി



# പ്രത്യുപകാരം

ഷംല ആവള

പഴയ ആ തറവാടുവീടിന്റെ ഉമ്മറക്കോലായിലെ ചാരുകസേരയിൽ നീണ്ടു നിവർന്നു കിടക്കുകയായിരുന്നു വറീത് മാപ്പിള. കഴിഞ്ഞ

ദിവസം ബേങ്കിൽ നിന്ന് വന്നവർ വാതിലിൽ സീൽ ചെയ്ത് വെച്ച ജപ്തി നോട്ടീസിലേക്ക് നോക്കി നെടുവീർപ്പിടുന്നുണ്ടയാൾ.

കാരണവന്മാരായി സമ്പാദിച്ചു കൈമാറി കൈമാറി വന്ന സ്വത്തും സമ്പാദ്യവും തന്നിലൂടെ അവസാനി ക്കുകയാണല്ലോ,വറീതിന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി. 'ഇതൊന്നും നിനക്ക് കാണേണ്ടി വന്നില്ലല്ലോ കത്രീനാമ്മേ 'അയാൾ കത്രീനമ്മയുടെ ഫോട്ടോയിൽ നോക്കി ചോദിച്ചു കൊണ്ടിരുന്നു

എവിടെയാണ് തനിക്ക് പിഴച്ചത്? അയാളുടെ ചിന്തകൾ പിറകോട്ടു നടന്നു. നാട്ടിലെ പ്രമാണിമാരുടെ കുടുംബം. അനേകം പേർക്ക് ജോലിയും അന്നവും നൽകുന്ന ഫാക്ടറിയും കൃഷിയിടവും ഒക്കെ ഉണ്ട്. പലരേയും അകമഴിഞ്ഞ് സഹായിച്ചിട്ടുള്ള പാരമ്പര്യം. അങ്ങനെ കാലം നീങ്ങവേ അധികം സാമ്പത്തിക മൊന്നും നോക്കാതെ കത്രീനാമ്മ തന്റെ ജീവന്റെ പാതിയായി. സന്തോഷം നിറഞ്ഞ ജീവിതം മുന്നോട്ട് പോകവേ തങ്ങൾക്കിട യിലേക്ക് രണ്ടുപേർ കൂടെ കടന്നു വന്നു. ആലീസും ജോണിയും. പിന്നീട് സമ്പത്തിലും സന്തോഷത്തിലും തങ്ങളുടെ കുടുംബം ഉന്നതിയിൽ ആയിരുന്നു.കാലം നീങ്ങവേ മക്കൾ സ്കൂളിൽ പോയിതുടങ്ങി.

ജോണി പ്ലസ്ടു പാസ്സായി ഉന്നതപഠനത്തിനായി കാത്തിരി ക്കുകയായിരുന്നു. ആലീസ് ഒമ്പതിലും.

ജോണിക്ക് വേണ്ടി കേരളത്തിന് പുറത്ത് പ്രശസ്തമായ കോളേ ജിൽ അഡ്മിഷൻ എടുത്തു. കോളേജി ലേക്ക് പോവുന്നതിന്റെ തലേ ദിവസമാണ് അവന്റെ ഫ്രണ്ട് അജ്മൽ അവിടേക്ക് വന്നത്, കൂടെ അവന്റെ പ്രായമായ ഉപ്പയും.

അജ്മലും ജോണിയും ഒരേ സ്കൂളിൽ ആണ് പഠിച്ചത്. നല്ല മാർക്കോട് കൂടെ പാസ്സായ അജ്മലിന് മെഡിക്കലിന് സീറ്റ് റെഡി ആയിട്ടുണ്ട്, എന്നാൽ കുറച്ചധികം പൈസ വേണമാ യിരുന്നു. ഒരുപാട് വാതിലുകൾ മുട്ടിയെ ങ്കിലും എല്ലാവരും കയ്യൊഴിഞ്ഞു.തനിക്കൊരു ജോലി കിട്ടിയിട്ട് വേണം കുടുംബത്തിന്റെ കണ്ണീർ തുടക്കാൻ അജ്മൽ കണ്ണീരോടു കൂടെ ഓർത്തു. വയ്യാതായ ഉമ്മയും ഉ



പ്പയും മൂന്നു പെങ്ങന്മാരും വീഴാറായ വീടും തന്നെ മാത്രം പ്രതീക്ഷിക്കുന്നതാണെന്നവനറിയാം.മനസ്സില്ലാ മനസ്സോടെയാണ് ഉപ്പയും അജ്മലും വറീതിന്റെ വീട്ടിലേക്ക് വന്നതും. അവന്റെ ആവശ്യം പറഞ്ഞ പ്പോൾ തന്നെ വറീത് അഡ്മിഷന് വേണ്ട പണം കൊടുത്തു,

പകരം പണയം വെക്കാൻ കൊണ്ട് വന്ന വീടിന്റെ ആധാരം വാങ്ങാതെ തിരിച്ചു കൊടുക്കുകയും ചെയ്തു. 'താൻ വലിയ ഒരു ഡോക്ടർ ആയി നാടിനെ സേവിച്ചാൽ മതി, അപ്പൊ എന്റെ പണം തിരിച്ചു തരണം'.

ഒരു പുഞ്ചിരിയോടെ വറീത് മാപ്പിള പറഞ്ഞു.

അങ്ങനെ പിറ്റേന്ന് അജ്മലും ജോണിയും രണ്ടിടങ്ങളിൽ പഠനത്തിനായി പോയി. അജ്മൽ നല്ല നിലയിൽ പഠിച്ചു ഒരു ഡോക്ടറായി. പണത്തിന്റെയും പത്രാസിന്റെയും അഹങ്കാരം ജോണിയെ ചീത്ത കൂട്ട്കെട്ടിലകപ്പെ ടുത്തി. ലഹരിയുടെയും പെണ്ണിന്റെയും ലോകത്തിലവൻ അഴിഞ്ഞാടി ഒരുപാട് കടം വരുത്തിവെച്ചു. വീടും പറമ്പും സ്വത്തുക്കളുമെല്ലാം വേണ്ടി വന്നു അവന്റെ നാലു വർഷത്തെ കോളേജ് ജീവിതത്തി ന്റെ കടം വീട്ടാൻ. മകന്റെ ഇപ്പോഴത്തെ അവസ്ഥ അറിഞ്ഞു കത്രീനാമ്മ ഹൃദയം പൊട്ടി മരിച്ചു.

നാളെ ഈ വീട്ടിൽ നിന്നും താനും പ്രായപൂർത്തിയായ മകളുടെ കയ്യും പിടിച്ച് ഇറങ്ങണം.എങ്ങോട്ടെന്നറിയാതെ....

ജോണി ആണെങ്കിൽ ഇപ്പോഴും ലഹരിയുടെ ലോകത്ത് നിന്നും പൂർണമായും അകന്നിട്ടുമില്ല.

'എങ്ങോട്ട് പോകും ഈശോയെ, ഈ പെങ്കൊച്ചിനെയും കൊണ്ട്, വല്ല വിഷോം വാങ്ങാൻ ആണേലും കാശ് വേണ്ടായോ 'വറീത് സ്വയം പിറുപിറു ത്തു.

അപ്പോൾ പുറത്ത് ഒരു കാർ വന്നു നിന്ന ശബ്ദം കേട്ടാണ് വറീത് ചിന്തകളിൽ നിന്നുണർ ന്നത്. അകത്തേക്ക് കയറിവരുന്ന ആളെ കണ്ട് അയാൾ കണ്ണിനുമുകളിൽ കൈ വെച്ചു പുറത്തേക്ക് നോക്കി.'ആരാ, മനസ്സിൽ ആയില്ലല്ലോ?

കടക്കാർ ആണെങ്കിൽ നിന്നിട്ട് കാര്യം ഇല്ലാട്ടോ, ഈ നിക്കുന്ന വീട്ടിൽ നിന്ന് പോലും നാളെ ഇറങ്ങിയേക്കണം എന്നാണ് ഓർഡർ '

അയാളുടെ കണ്ണ് നിറഞ്ഞു.

'അതേ, കടക്കാരൻ തന്നെ. പക്ഷെ ഇങ്ങോട്ട് അല്ല, ഞാൻ നിങ്ങൾക്ക് ആണ് കടപ്പെട്ടിരിക്കുന്നത്. ഞാൻ അജ്മൽ ആണ്, മറന്നോ എന്നെ '

അജ്മൽ അവനെ പരിചയപ്പെടുത്തി. വറീത് മാപ്പിള ഒന്ന് ചിരിച്ചെന്ന് വരുത്തി.

' നിങ്ങള് തന്ന പണം കൊണ്ട് പഠനത്തിനു വേണ്ടി പോയ ഞാൻ, സ്കോളർഷിപ്പോടുകൂടി വിദേശത്ത് പോയി എംബിബിഎസ് പൂർത്തിയാക്കി.അവിടെ ജോലിയും ആയി.അതുകൊണ്ടാണ് നിങ്ങളെ കാണാൻ വരാൻ എനിക്ക് പറ്റാതായത്.

വിദേശത്തുനിന്നും ഞാൻ മിനിയാന്ന് എത്തിയതേയുള്ളൂ. ഇവിടുത്തെ അവസ്ഥകൾ ഉപ്പ എന്നെ അറിയിച്ചിട്ടു ണ്ടായിരുന്നെങ്കിലും ഇത്രയും പ്രതീക്ഷിച്ചില്ല.

ഇവിടുത്തെ വീടിന്റെ ജപ്തി ഞാൻ ഒഴിവാക്കിയിട്ടുണ്ട്. കോടതിയിൽ അടക്കാനുള്ള പൈസ ഒക്കെ അടച്ചു. ഇനി നിങ്ങൾ ഇവിടെ നിന്നും എങ്ങോട്ടും പോകേണ്ട ആവശ്യമില്ല. '

അജ്മൽ അയാളെ നോക്കി പുഞ്ചിച്ചു. അപ്പോഴേക്കും ആലീസ് പുറത്തേക്ക് വന്നിരുന്നു.

' താൻ തന്റെ അപ്പനെയും കൂട്ടി കുറച്ച് ദിവസം ഇവിടെ നിന്നും മാറി നിൽക്കണം, എന്റെ വീട്ടിൽ വരാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ഏതെങ്കിലും വീട് വാടകയ്ക്ക് എടുത്തു തരാം, ജോണിയെ നമുക്ക് നല്ല ഒരു റീഅഡിക്ഷൻ സെന്ററിൽ കൊണ്ടുപോയി ചികിത്സിക്കണം. അവനെയും ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരണം ' അജ്മൽ രണ്ടുപേരോടുമായി പറഞ്ഞു.

അജ്മൽ പറഞ്ഞതിനൊക്കെ രണ്ടുപേരും മൂളി കൊടുത്തു .

എടുക്കേണ്ട സാധനങ്ങൾ ഒക്കെ പേക്ക് ചെയ്തു വെച്ചോളൂ നാളെ ഞാൻ എന്റെ വീട്ടിലേക്ക് നിങ്ങളെ കൂട്ടാൻ വരുന്നുണ്ട് എന്ന് പറഞ്ഞ് അജ്മൽ പുറത്തേക്ക് നടന്നു.

താൻ അന്നൊരി ക്കൽ ചെയ്ത നിസ്സാര മായ ഒരു ഉപകാരം, ഈ അത്യാവശ്യഘട്ടത്തിൽ ഒരു പ്രത്യുപകാരമായി വന്ന് ഭവിക്കുമെന്ന് ഒരിക്കലും അദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല.

തറവാടിന്റെ പടിപ്പുര കടന്നു പുറത്തേക്ക് പോകുന്ന അജ്മലിന്റെ

മിഴികൾ വീണ്ടും

വറീതിലേക്ക് നീളുമ്പോ ൾ, വറീതിന്റെ കണ്ണിലും എന്തെന്നില്ലാത്ത സന്തോഷം ആയിരുന്നു .




കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

## തണൽ മരം

മനസ്സിലെ ആഴക്കടലിൽ
സ്വയം ജ്വലിക്കുന്ന സൂര്യനായി
നിൻ പ്രഭാകിരണം എങ്ങും പ്രശോഭിതം
നിൻ വിയർപ്പും ത്യാഗവും
എൻ ജീവൻ ഉടിപ്പിന് ഹേതവോ
കഷ്ടപ്പാടിൻ മാറാപ്പുമേന്തി
എന്നിലായ് ഉരുകി തീർന്നതും
ആ അന്തകാരത്തിൻ വിളക്കായി
മാറിയതും നീയല്ലയോ?
എൻ സ്വപ്നങ്ങൾക്ക് ജീവൻ
നൽകി ഇമ്പം നീ ചേരുന്നു
എൻ തണൽ മരമേ

**ശമ്മാസ് വി (ഐ ടു)**
7th class
Jamia Ainul Huda, Kappad

## മഞ്ഞക്കിളിയെ രക്ഷിച്ച കുരങ്ങൻ

ഒരിക്കൽ ഒരു മേഘം മരത്തിനോട് കുറച്ച് പഴങ്ങൾ ചോദിച്ചു പക്ഷെ മരം കൊടുത്തില്ല മേഘത്തിന് ദേഷ്യം വന്നു മിന്നൽ കൊണ്ട് മരത്തിനെ ആക്രമിച്ചു. മിന്നലേറ്റ് ആ മരത്തിലെ മഞ്ഞക്കിളി താഴെക്ക് വീണു അത് കണ്ട് കുരങ്ങൻ വേഗം ചെന്ന് മഞ്ഞ കിളിയെ താഴെക്ക് വീഴാതെ ചേർത്ത് പിടിച്ചു. തന്നെ രക്ഷിച്ച കുരങ്ങനോട് അവൾ താങ്ക്യു പറഞ്ഞു. കുരങ്ങന് സന്തോഷമായി.

**ദ്വിവിക് വർമ്മ** CK
1 A
ANMMUPS Thali

## ചോരയുടെചൂര്

ചുടു രക്തം വമിക്കും കദന കഥകളിൽ
നിൻ മണ്ണ് പോലും വിതുമ്പീടുന്നു.....
സ്വപ്നങ്ങളെല്ലാം ഒരു പിടി മണ്ണിലായി ഒതുങ്ങുന്നു.

മർത്യന്റെ
ജഡങ്ങളാണെല്ലായിടവും അതിലുപരി മിത്രങ്ങളുടെ വിലാപവും
അലയൊല തീർക്കുന്നുവോ?
ആരാണതിന് ഹേതു?
ഈ ദുരന്തം പ്രകൃതി സൃഷ്ടിയോ അതോ മനുഷ്യ ചെയ്തികളോ?

**Rasil KP**
Jamia Ainul Huda kappad, Koyilandy

## കലണ്ടർ

ദിവസങ്ങൾ
മാസങ്ങൾ
വർഷങ്ങൾ താങ്ങി ചുമരിൽ തൂങ്ങും കലണ്ടറിൻ താളുകൾ മറയവെ മറയുന്നിതെൻ ജീവന്റെ താളുകളും

**ആരാധ്യ വർമ്മ സി.കെ**
5 B ANMMUPS Thali

## അമ്മ

തോൽവികളിൽ നിന്നും കരകയറാൻ സ്നേഹത്തിലൂടെ
കരുത്തുറ്റ
വിശ്വാസം പകർന്ന് തരുന്നവളാണെന്നമ്മ
തിളങ്ങുന്ന സൂര്യനെപ്പോൽ
എന്നിൽ പ്രകാശം
ചൊരിയുന്നവളാണെന്നമ്മ
വെള്ളനിറമുള്ള വെണ്ണപോലെന്നും
മാർദ്ദവമുള്ളവളാണെന്നമ്മ
കൊടുതണുപ്പിലെന്നിൽ
ചൂട് പകർന്നൊരു
കമ്പിളി പുതപ്പുപോലെ
സംരക്ഷണം നൽകുമാഅമ്മ
എൻജീവിതം ധന്യമാക്കുന്നിവർ കാണപ്പെടുന്നെന്റെ ദൈവമല്ലോ...
ഇവളെൻ സ്വന്തം അമ്മയല്ലോ..

**ഗോകുൽ.കെ. കെ**
8 B
സി എം ജി എച്ച് എസ്, കുറ്റൂർ

കഥ

# മഴ നനയുന്ന പാവ

അമ്മേ... അമ്മേ... ഒന്നു നിർത്തമ്മേ... വാഹനം ഓടിച്ചു കൊണ്ടിരുന്ന അമ്മയോട് പിൻസീറ്റിൽ നിന്നും മീര കരഞ്ഞു പറഞ്ഞു. കരച്ചിലിന്റെ ഏങ്ങലടി തിരമാലയോളം ഒച്ചപ്പാടുണ്ടാക്കിയതിനാൽ അമ്മ വണ്ടി ഓരം നിർത്തി. പവർ ബ്രേക്കിട്ട് പിൻ സീറ്റിലേക്ക് മീരയെ രൂക്ഷമായൊന്ന് നോക്കിയപ്പോഴേക്ക് അവൾ പിൻഭാഗത്തെ ഡോർ തുറന്ന് പുറത്ത് കടന്നിരുന്നു. ഒരു നിമിഷം പകച്ചുപോയ അമ്മ തന്റെ മകളെ ഉച്ചത്തിൽ എന്നാൽ ഒരല്പം അമർഷത്തോടെ വിളിച്ചു, 'മീരാ... നീയെന്താ ചെയ്യുന്നതെന്ന് നിനക്കെന്തേലും ബോധമുണ്ടോ? തോന്നുമ്പോൾ ചാടി ഇറങ്ങാനായിട്ട് ഇത് നിന്റെ കുഞ്ഞൻ സൈക്കിൾ അല്ല.'

മീര ഒന്നും മിണ്ടിയില്ല. തനിക്ക് നേരെയുള്ള അമ്മയുടെ ദേഷ്യപ്രകടനത്തെ തെല്ലു ഭയത്തോടെ അവൾ നോക്കി നിന്നു. നീണ്ട നേരത്തെ ശകാരത്തിനിടയിലാണ് അവൾ അതു തിരിച്ചറിഞ്ഞത്; തങ്ങളിപ്പോൾ ആ പാർക്കിൽ നിന്നും ഏറെ ദൂരത്താണ്. എങ്കിലും മറുത്തൊന്നു ചിന്തിക്കാതെ അവൾ ദൂരേക്ക് ഓടാൻ തുടങ്ങി. ഓടുന്നതിനിടയിലും അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. തനിക്കൊപ്പമുള്ള തന്റെ പ്രിയപ്പെട്ട പാവയെ അവൾ നോക്കി. ശേഷം ഒരു അമ്മയുടെ വാത്സല്യത്തോടെ അവൾ അതിനെ എടുത്ത് കൊഞ്ചിച്ചു. അപ്പോഴേക്കും അവിടെ കൂടിയെത്തിയ തന്റെ അമ്മയെ കണ്ടുള്ള ഭയത്തിൽ മീര തന്റെ പാവയെ പാർക്കിലെ ബെഞ്ചിന് താഴെയായി ഒളിപ്പിച്ചു. പക്ഷേ താഴ്ഭാഗം ഒഴിഞ്ഞു കിടന്നിരുന്ന കാലി ബെഞ്ചിൽ തനിച്ചിരിക്കുന്ന പാവയെ അമ്മ ഒറ്റനോട്ടത്തിൽ തന്നെ കണ്ടുപിടിച്ചു. ആക്രോശത്തോടെ അവൾക്ക് അരികിലേക്ക് ഓടിവന്ന അമ്മ താഴെ നിന്നും അവൾ ഒളിപ്പിച്ച പാവയെ വലിച്ചെടുത്ത് ബെഞ്ചിന് മുകളിലായി വെച്ചു. 'ഞാനിതിനെ ദൂരേക്ക് വലിച്ചെറിയണോ അതോ നീ എന്റെ കൂടെ പോരുന്നോ... '

ഉമ്മ മീരയോടായി ചോദിച്ചു. മീര അടുത്തുള്ള ബെഞ്ചിന്റെ കമ്പികളിൽ മുറുക്കിപ്പിടിച്ചു.

മനക്കരുത്തോളം ദൃഢമുള്ള അമ്മയുടെ കൈക്കരുത്തിനു മുന്നിൽ മീര നിഷ്പ്രയാസം തളർന്നു. കലങ്ങിയ കണ്ണും ഇടറിയ ശബ്ദവും കൊണ്ട് അവൾ അമ്മയെ നോക്കി കരഞ്ഞു. കാർമേഘം കണക്കെ കലങ്ങിമറിഞ്ഞ് കുലംകുത്തി പെയ്യുന്ന പേമാരി കണക്കെ കരയുന്നത് കണ്ടു അമ്മ കുറച്ചുനേരം അവളെ പാവയ്ക്കൊപ്പം കളിക്കാൻ വിട്ടു. അമ്മയുടെ ചൂടാർന്ന കൈ വളയങ്ങൾക്കിടയിൽ നിന്നും തന്റെ കൈകളെ സ്വതന്ത്രയാക്കാൻ കഴിഞ്ഞതിന്റെ സന്തോഷത്തിൽ അവൾ തന്റെ പാവയ്ക്ക് ചുറ്റുമെന്ന വണ്ണം പാർക്കിലുടനീളം ഓടിക്കളിച്ചു. കാണാൻ ചാര നിറത്തിൽ പിന്നിയിട്ട മുടിയും കീറിപ്പറിഞ്ഞ വസ്ത്രവും കണ്ണിനും മറ്റു ശരീരഭാഗങ്ങൾക്കും പകരമായി തുന്നി പിടിപ്പിച്ചിരിക്കുന്ന ബട്ടനും തുണിയുടെ കഷ്ണങ്ങളും... കാണാൻ ഒരല്പം വികൃതമാണെങ്കിലും ആ പാവ രൂപത്തെ അവൾ അങ്ങേയറ്റം ഇഷ്ടപ്പെട്ടിരുന്നു. പലതവണകളിലായി ഉപേക്ഷിക്കാൻ അമ്മ ശ്രമം നടത്തിയിട്ടും മീര സമ്മതിച്ചിരുന്നില്ല. എന്നാൽ ഇനി അതിനൊക്കുമോ എന്ന ഒരു ആശങ്ക അവൾക്കുള്ളിൽ ഉടലെടുത്തു. പതിയെ തന്റെ കയ്യിലെ പാവയെ അവൾ ബെഞ്ചിന് മുകളിൽ വെച്ചു. തലയുയർത്തി ആകാശത്തേക്ക് നോക്കിയപ്പോൾ ഇരുട്ടുമൂടിയ അന്തരീക്ഷത്തിൽ കൂടുതൽ കറുപ്പ് പകർത്തി കാർമേഘങ്ങൾ പെയ്യാൻ വിതുമ്പി നിൽക്കുന്ന പോലെ. അവളുടെ നനവാർന്ന കൺതടത്തിലേക്ക് ആകാശത്തിലെ വിരുന്നുകാരിൽ ഒരാൾ വന്നു പതിച്ചു. പിന്നെ ഇടതടവില്ലാതെ മഴത്തുള്ളികൾ വന്നു പതിക്കാൻ തുടങ്ങി. അപ്പോഴേക്കും അമ്മ മീരയെ കാറിനുള്ളിലേക്ക് കയറ്റാനുള്ള തിടുക്കത്തിലായിരുന്നു. എന്നെങ്കിലുമൊരിക്കൽ തിരികെ വരാനാവും എന്ന പ്രതീക്ഷയോടെ അവൾ തന്റെ പാവയെ നോക്കി. കണ്ണിൽ കടലാഴം നിറച്ച നീലക്കണ്ണുള്ള ആ പാവ അവളെ നോക്കി കരയുന്നതായി മീരയ്ക്കും തോന്നി. എന്നാലും അടക്കിപ്പിടിച്ച സങ്കടവുമായി അവൾ തന്റെ വീട്ടിലേക്ക് യാത്ര തിരിച്ചു. തന്റെ പ്രിയപ്പെട്ട കൂട്ടുകാരി തന്നിൽ നിന്നും മറയുന്നതും നോക്കി അവിടെയാ പാർക്കിൽ പുതിയ പ്രതീക്ഷയോടെയും എന്നെങ്കിലും അവൾ തിരികെ വരുമെന്ന വിശ്വാസത്തോടെയും മഴ നനഞ്ഞു കൊണ്ടിരുന്നു.

**ആരാധ്യ പി.ടി**
7 C, ജി.എം.യു.പി സ്കൂൾ
വെന്നിയൂർ



അദ്വൈത് . V.R, 5th std,
St. Aloysius UP school, Elthuruth.



Joseph N.J, 3.C,
St.Mary's CBPS school,
Kottekkadu



Sravanithka.V.S, I D,
Navajeevan Bethany,
Vidyalaya Nalanchira,
Thiruvananthapuram





Joshwin N.J., 1 C, St. Marys CBPS School Kottekkadu



കാശിനാഥ്. എ .ആർ, 2 B, സെൻറ് ജോസഫ് ഹൈസ്കൂൾ ഏനാമാക്കൽ




Emerin rose N.J
4 C
St. Marys CBPS
School Kottekkadu

Joshwin N.J.
1 C
St. Marys CBPS School
Kottekkadu



# വായനയുടെ മിസ്റ്റിക് അനുഭവം



ദർശന

കഥകൾ പറയുന്നവർക്കിടയിൽ ജീവിക്കുക ആഹ്ലാദകരമായ അനുഭൂതിയാണ്. കാണാത്ത ദേശങ്ങൾ,

കാണാത്ത ഗോത്രങ്ങൾ, കാണാത്ത മനുഷ്യർ,

കാണാത്ത ജീവിതങ്ങൾ വാക്കുകളിലൂടെ ഇറങ്ങി വരും. നവവികാരങ്ങളെയും മനസ്സിൽ ഉജ്ജീവിപ്പിച്ച് ചിലപ്പോൾ പൊടുന്നനെ അപ്രത്യക്ഷമാകും . മറ്റു ചിലപ്പോൾ ഹൃദയത്തിന്റെ ഏതെങ്കിലുമറകളിൽ കൂടുകൂട്ടി ധ്യാനനിമഗ്നമാകും.

വാക്കുകൾ സൃഷ്ടിക്കുന്ന വികാരങ്ങൾക്ക് പകരം വയ്ക്കാൻ മറ്റൊന്നിനുമാകയില്ല എന്നാണ് എന്റെ അനുഭവം.




കഥകൾ സമൂഹത്തിന്റെ പരിച്ഛേദമാകണമെന്ന് യാതൊരു നിർബന്ധവുമില്ല. ഭാവനാസമ്പന്നരായ ധാരാളം എഴുത്തുകാർ അലൗകികവും മായികവുമായിട്ടുള്ള ലോകത്തിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോയിട്ടുള്ള നിരവധി കഥകൾ നമുക്ക് മുന്നിലുണ്ട്. വയനാട്ടുകാരിയായ റൂബി ഫൈസലിന്റെ കഥകൾ സൃഷ്ടിക്കുന്ന വായനാനുഭൂതിതലമെന്നത് ഇതു രണ്ടിന്റെയും മിശ്രമാണ് എന്ന് പറയാം. ജീവിതഗന്ധികളായ അനുഭവങ്ങൾക്കൊപ്പം തന്നെ ഭാവനയുടെ തീവ്രമായ ചാരുത ഈ കഥകളിൽ ദർശിക്കാവുന്നതാണ്. ഒഴുക്കുള്ള കഥാകഥനവും ഉദ്വേഗഭരിതമായ പര്യവസാനവും വളരെ ശ്രദ്ധേയം. അതിസൂക്ഷ്മതയോടെയാണ് വാക്കുകളെ, എന്തിന് പേരുകൾ പോലും ഈ കഥകളിൽ റൂബി വിന്യസിച്ചി രിക്കുന്നത്.

വാക്കുകൾ നൃത്തം വെച്ച് മറയില്ലാതെ ആത്മാവിനെ തൊടുമ്പോഴാണ് ഒരെ

ഴുത്ത് ഹൃദയസ്പർശിയാവുന്നത്. അത് സൃഷ്ടിക്കുന്ന ഭാവനാ ചിത്രങ്ങളാണ് വായനക്കാരനുമായി സംവദിക്കുന്നതെന്നും പറയാം. അത്തരത്തിൽ ഒഴുക്കുള്ള വാക്കുകളെക്കൊണ്ട് ശക്തമായ ഭാവനാചിത്രങ്ങൾ സൃഷ്ടിക്കാൻ ശേഷിയുള്ള എഴുത്തുകാരിയാണ് റൂബി ഫൈസൽ. ഗ്രാമീണമായ നിഷ്കളങ്കതയും മറയില്ലാത്ത തുറന്ന സംസാരവും എഴുത്തുകളെ പോലെ തന്നെ എഴുത്തുകാരിയെയും വേറിട്ടു നിർത്തുന്നു. വയനാടിന്റെ വനഭംഗികൾ പകർന്നു തന്ന താളവും കരുത്തും ഇതിലെ കഥകളുടെ പിൻബലമാണ്.

13 കഥകളെ ഈ പുസ്തകത്തിൽ വായനയ്ക്ക് വിധേയമാക്കുമ്പോൾ 13 വ്യത്യസ്ത അനുഭൂതി തലങ്ങളാണ് വായനക്കാരന് ലഭ്യമാകുന്നത്. ആദ്യ കഥയായ ഫെറോമോൺ മുതൽ അവസാനത്തെ കഥയായ ചെട്ട്യാലത്തൂർ വരെ ഓരോ കഥകളിലും തന്റെ സാമൂഹിക പ്രതിബദ്ധത റൂബി കരുതലോടെ ചേർത്തുവയ്ക്കുന്നുണ്ട് വെറുതെ ഒരു കഥ പറയുകയല്ല അവർ ചെയ്യുന്നത് . ആ കഥയുടെ സവിശേഷതകളിലേക്ക്, ചരിത്രപരവും സാമൂഹികവുമായി അതിനുള്ള ബന്ധങ്ങളിലേക്ക് ജീവിതത്തിന്റെ നാനാർത്ഥങ്ങളിലേക്ക് വായനക്കാരനെ കൈപിടിച്ച് നടത്തുന്നുണ്ട്. ഓരോ കഥയും ഓരോ സന്ദേശം ബാക്കി വെക്കുന്നുണ്ട്. ഒപ്പം തന്നെ മനുഷ്യമനസ്സുകളുടെ സങ്കീർണവും നിഗൂഢവുമായ തലങ്ങളിലേക്കും റൂബിയുടെ കഥകൾ സ്പർശിക്കുന്നുണ്ട്.

ആദ്യ കഥയായ ഫെറോമോൺ തന്നെയെടുക്കാം. പരസ്പരം ജീവിതം പങ്കുവയ്ക്കാം എന്ന് ഉടമ്പടിപ്പെട്ടവർ പക്ഷേ പിന്നീട് കണ്ടുമുട്ടുന്നത് വർത്തമാന കാലത്തിന് തീരെ അപരിചിതമല്ലാത്ത ഒരു സന്ദർഭത്തിലാണ്. പൂർവ്വ കാമുകൻ കാമുകിക്ക് മുന്നിൽ മറ്റെല്ലാവരെയും പോലെ ഒരു കസ്റ്റമർ മാത്രമായി മാറിയിരിക്കുന്നു.
കണ്ണുകളിൽ കൗതുകം ഒളിപ്പിച്ച അവളെ കൈവിട്ടില്ലായിരുന്നുവെങ്കിൽ ഇന്നവൾക്ക് ഈ അവസ്ഥ വരികയില്ലായിരുന്നു എന്നവൻ കുറ്റബോധത്തോടെ ഓർക്കുന്നുണ്ട്. അവന്റെ ഓരോ പ്രവർത്തിയിലൂടെയും ചലനങ്ങളിലൂടെയും ആ കുറ്റബോധത്തെ കഥാകാരി സമർത്ഥമായി വായനക്കാരനിൽ എത്തിക്കുന്നു. അവൻ ഒരു ചതിയനാണെന്ന് അഭിപ്രായപ്പെടുന്നുമുണ്ട്. ഒന്നാകുന്നതിനു മുൻപ് അവൾ പറയുന്ന നിബന്ധനകൾ പൂർവ്വകാലത്തിന്റെ ഓർമ്മകളുണർത്തി അയാളെ മുള്ളുകളായി പൊതിയുന്നുണ്ട്. പുരുഷന്റെ കാമവും സ്ത്രീയുടെ കാമവും തീർത്തും വ്യത്യസ്തമാണ്. പുരുഷന് പൂർവ്വപ്രണയത്തിന്റെ മാധുര്യമുള്ളിൽ ചുമന്നുകൊണ്ട് സ്ത്രീയെ പ്രാപിക്കാൻ കഴിയുമെന്നും സ്ത്രീക്ക് പക്ഷേ അത്തരം ഇന്റിമസിയുടെ നിമിഷങ്ങളെ ഓർക്കുന്നതേ ഇഷ്ടമല്ല എന്നുമുള്ള ഒരു മനശാസ്ത്രപരമായ സമീപനം ഇവിടെ വായിച്ചെടുക്കാം. ഫെറോമോണുകൾ മനുഷ്യർ ഉൾപ്പെടെയുള്ള ജന്തുക്കൾ ബാഹ്യമായ ചുറ്റുപാടുകളിൽ പുറപ്പെടുവിക്കുന്ന ഒരുതരം രാസവസ്തുക്കളാണ്. ഇണകളെ ആകർഷിക്കാനും ആശയവിനിമയത്തിനുമാ ണ് ഫെറോമോണുകൾ ഉപയോഗിക്കുന്നത്. ഇവിടെ കഥാകാരി നായികയുടെ ജീവിതവുമായി ബന്ധപ്പെടുത്തി വളരെ അർത്ഥവത്തായ ഒരു തലക്കെട്ടാണ് ഈ കഥയ്ക്ക് ഉപയോഗിച്ചിരിക്കുന്നത് എന്ന് പറയാം.

സാക്കുലിന , ഇഫ്രീത്ത്, ആസ്റ്റിൻ ദേബോർദോ, തുടങ്ങിയ കഥകളിലും ഇത്തരത്തിൽ മിസ്റ്റിക് ആയ തലക്കെട്ടുകൾ നൽകി ജീവിതഗന്ധിയും അതേസമയം വൈജ്ഞാനികവുമായ ലോകത്തേക്ക് നയിക്കുന്നുണ്ട് റൂബിയിലെ അധ്യാപിക .

സാക്കുലിന ഒരു മായികമായ ഒരു അനുഭവമാണ് വായനക്കാരന് സമ്മാനിക്കുന്നത്. തികച്ചും യാഥാർത്ഥ്യത്തോട് ചേർന്ന് നിൽക്കുന്ന കഥാഗതി പൊടുന്നനെ ചടുലത പ്രാപിക്കുകയും കഥയുടെ അവ

സാനത്തെ അതിവിചിത്രമായ ഒരു പര്യവസാനത്തിൽ എത്തിക്കുകയും

ചെയ്യുന്നതിൽ കഥാകാരിയുടെ കയ്യടക്കവും കഥ പറയാനുള്ള മികവും എടുത്ത് പറയേണ്ടതുതന്നെ. കഥ വായിച്ചപ്പോൾ ഓർത്തുപോയത് ഏണസ്റ്റ് ഹെമിങ്‌വേ യുടെ ഓൾഡ് മാൻ ആൻഡ് സീ ആണ്. ഓരോ തവണ തോറ്റു പിൻതിരിയുമ്പോഴും വീണ്ടും ജയിക്കാൻ വേണ്ടി കുതികൊള്ളുന്ന മാനുഷികമായ ഒരു ത്വര ഈ കഥയിൽ നമുക്ക് ദർശിക്കാവുന്നതാണ്. സ്രാവിനെ വേട്ടയാടാൻ തയ്യാറെടുക്കുന്ന കിഴവനും സാക്കുലിനയിലെ ഞണ്ട് വേട്ടക്കാരൻ രതീഷും ഒരേ ഉന്മാദാവസ്ഥയാണ് പങ്കുവയ്ക്കുന്നത് എന്നത് തികച്ചും യാദൃശ്ചികം മാത്രം .

ആസ്റ്റിൻ ദേ ബോർദോയിലാകട്ടെ ചാനൽ റിപ്പോർട്ടറായ ഡേവിസ് എബ്രഹാം ചാനലിന്റെ റേറ്റിംഗ് കൂട്ടുന്നതിനായുള്ള നെട്ടോട്ടത്തിലാണ്. അതിനിടയിൽ തകരുന്ന പ്രണയം , ന്യൂജൻ കാലത്തെ ക്ഷണഭംഗുരമായ പ്രണയ മുഹൂർത്തങ്ങളുടെ ഒരു ഓർമ്മപ്പെടുത്തലാകുന്നു. ഇത്തരം അല്പപ്രാണൻ മാത്രമുള്ള ന്യൂജൻ പ്രണയത്തെ താജ്മഹലിന്റെ ചരിത്രവുമായി ബന്ധപ്പെടുത്തി ഒരു ഫ്യൂഷൻ മോഡൽ പരമ്പര ചെയ്യാൻ ഉദ്ദേശിച്ച ഡേവിസ് എബ്രഹാം അതിനുള്ള യാത്രയ്ക്കിടയിൽ ആസ്റ്റിൻ ദേ ബോർദോ എന്ന ഉസ്താദ് ഈസാ ശീറോസിയെയും ഉസ്താദ് അഹമ്മദ് ലഹോറിയെയും കണ്ടുമുട്ടുന്ന വളരെ മിസ്റ്റിക് ആയ വായനാനുഭവം പകർന്നു നൽകുന്നു , ഇവർ രണ്ടുപേരും താജ്മഹലിന്റെ ശില്പികൾ ആയിരുന്നു. ഈ മായികമായ ചിത്രണത്തിലൂടെ ഞൊടിയിടയിൽ എക്കാലത്തും മനോഹരമായ ആ പ്രണയഗോപുരത്തിന്റെ നിർമ്മാണ ചരിത്രം വായനക്കാർക്ക് മുന്നിലെത്തുന്നു. ന്യൂജൻ പ്രണയവും ചിരസ്ഥായിയായി വാഴ്ത്തപ്പെട്ട പ്രണയവും മറികടന്ന് ആയിരക്കണക്കിന് അടിമകളുടെ ദുരിത ജീവിതത്തിന്റെ നേർക്കാഴ്ചകളാണ് അവിടെ വായനക്കാരനെ കാത്തിരിക്കുന്നത്. പഴയതും പുതിയതുമായ കാലഘട്ടങ്ങളെ ചിത്രത്തുന്നൽകാരിയുടെ കുശലതയോടെയാണ് റൂബി ചേർത്തുതുന്നുന്നത്.

ഇഫ്രീത്ത് ആണെങ്കിൽ ദുരിതം മാത്രം ചെയ്യുന്ന ജീവിതങ്ങളുടെ കഥയാണ്. പ്രളയത്താൽ തകരുന്ന വീടും ഉറക്കത്തിനിടയിൽ തന്നെയും വീട്ടുകാരെയും ചോർന്നൊലിക്കുന്ന വീട്ടിൽ നിന്ന് കുന്നിൻ മുകളിലെ കൊട്ടാരത്തിലേക്ക് തോളത്തിരുത്തി പറക്കുന്ന ഇഫ്രീത്ത് ജിന്നിനെ സ്വപ്നം കാണുന്ന കുട്ടിയും

മനുഷ്യനും പ്രകൃതിയും മത്സരിച്ചൊരുക്കുന്ന നാശത്തിന്റെ ചിത്ര പുസ്തകത്തിലെ ചില ഏടുകൾ മാത്രം.

ബർസയിലെ വീട് വായനയിൽ ചിരപരിചിതമാണ് . ഗാസയെ ഓർക്കാത്തവരായി ആരും ഉണ്ടാകില്ല. ഈ കഥയുടെ വായന കഴിയുമ്പോൾ ബർസയും.

സാമ്രാജ്യത്വത്തിന്റെ കുടില തന്ത്രങ്ങളിൽ തകർന്നടിയുന്ന നാടുകളുടെ ദുരവസ്ഥകൾ വളരെ ഹൃദയസ്പൃക്കായി തന്നെ വരഞ്ഞിടുന്നുണ്ട് റൂബിയുടെ തൂലിക. അവിടെയും മനുഷ്യത്വത്തിന്റെ അംശങ്ങൾ കണ്ടെടുക്കാനാകുന്നുണ്ട് എന്നതിൽ വായനക്കാരന് ആശ്വസിക്കാം .

മരണ വീടിന്റെ വാതിലുകൾ തുറക്കുമ്പോൾ കാണുന്ന പലതരം വിശപ്പിന്റെ ചിത്രങ്ങൾ മരണത്തിന്റെ ദുരൂഹതയുടെ ആക്കം കൂട്ടുന്നതാണ്.

91 ശൈത്താൻമാരും കഥ പറയുന്നവർക്കിടയിൽ എന്ന കഥയും രണ്ടു തരത്തിൽ സമകാലികമാകുന്നു. കാലം എത്ര മുന്നോട്ടു കുതിച്ചാലും മനുഷ്യ മനസ്സുകളിലെ അന്ധവിശ്വാസങ്ങളെ ചൂഷണം ചെയ്ത് ജീവിക്കുന്ന ഒരു വിഭാഗത്തെ അനാവരണം ചെയ്യാനാണ് 91 ശൈത്താൻമാരെന്ന കഥയിൽ ശ്രമിക്കുന്നത്. വർത്തമാന

കാലത്ത് ഏറെ അപകടകരമായ സ്ഥിതി വിശേഷങ്ങൾ സൃഷ്ടിക്കുന്ന ഈ അന്ധവിശ്വാസജടിലമായ നീക്കങ്ങളെ ചെറുക്കാൻ ഒറ്റയാൾ പോരാട്ടങ്ങൾക്ക് സാധിക്കുകയില്ലെങ്കിലും സ്വയംബോധം നഷ്ടപ്പെടാത്തവരുണ്ടെന്ന് റൂബി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത് . മതവും വിശ്വാസവും കൂടിക്കുഴഞ്ഞ് നടത്തുന്ന ശാരീരികവും മാനസികവുമായ പീഡനം സാമൂഹികമായ ഒരു യാഥാർത്ഥ്യമാണ് . പുരോഗമനം പറയുന്ന ഈ വർത്തമാനകാലത്തും അതിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നതിൽ കഥാകാരി വിജയിച്ചിരിക്കുന്നു എന്ന് പറയാം .

കഥ പറയുമ്പോൾ എന്ന കഥയിലാകട്ടെ വേറിട്ട ഒരു വയനാനുഭവം സമ്മാനിക്കുന്നു. എന്നാൽ കഥ അപരിചിതമല്ല . കഥാകാരി കഥയ്ക്കൊപ്പം സഞ്ചരിക്കുകയാണ്. കഥകൾ മെനയുകയാണ്. നിരീക്ഷണത്തിന്റെ പാതകളെക്കുറിച്ച് ബോധ്യപ്പെടുത്തുകയാണ്. നാമെല്ലാവരും അത്തരത്തിൽ നിരീക്ഷിക്കപ്പെടുന്നവരാണ് എന്ന ഒരു ബോധ്യമാണ് ഈ കഥയുടെ വായന സമ്മാനിക്കുന്നത്. ഒപ്പം തന്നെ എന്തിനും ഏതിനും ക്വട്ടേഷൻ നൽകുന്നവരെകുറിച്ചും പറയുന്നു.

ജീവിതം എരിഞ്ഞു  തീരുന്ന വയനാടൻ ചുരം ഇരകൾ എന്ന കഥയിൽ റൂബി അടയാളപ്പെടുത്തുന്നു. ഒരു സർക്കാർ മെഡിക്കൽ കോളജ് എന്ന വയനാട്ടുകാരുടെ സ്വപ്നത്തെ കഥയിൽ വരച്ചിടുന്നതോടുകൂടി റൂബി സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു എഴുത്തുകാരി കൂടിയായി മാറുന്നു. ഏതൊരു

നാട്ടിലും രാഷ്ട്രീയം നോക്കാതെ പ്രതിഫലേച്ഛയില്ലാതെ പ്രവർത്തിക്കുന്ന നിരവധി സന്നദ്ധ പ്രവർത്തകരുടെ പ്രതീകമാകുന്നു രാഘവേട്ടനും കോയാക്കയും അഖിലും അഫ്നാനും ഐറിനും

ഭാരതീയൻ , കാറ്റ് മഴ സലാമത്ത് കൽപ്പറ്റ എന്നീ രണ്ട് കഥകളിലും നിനച്ചിരിക്കാത്ത സമയത്ത് ദൈവദൂതനെപ്പോലെ കടന്നുവരുന്നവരെ കുറിച്ചുള്ള പരാമർശങ്ങളാണ്. എന്നാൽ സലാമത്ത് കൽപ്പറ്റ അല്പംകൂടി കടന്ന് പരിസ്ഥിതി സംരക്ഷണത്തെ കുറിച്ചുള്ള ഒരു തീവ്രാനുഭവം കൂടി സമ്മാനിക്കുന്നുണ്ട്. ചെട്ട്യാലത്തൂർ എന്ന കഥയും ഇതേ ചിത്രമാണ് നൽകുന്നതെങ്കിലും തങ്ങളുടെ അധിനിവേശങ്ങൾക്ക് തടസ്സം നിൽക്കുന്നവരെ തുടച്ചുമാറ്റുക എന്ന നയം സ്വീകരിക്കുന്ന പരിസ്ഥിതി വിധ്വംസകരുടെ ഇച്ഛയ്ക്ക് മുന്നിൽ അപ്രത്യക്ഷമാകുന്ന നിരവധി പരിസ്ഥിതി സംരക്ഷകരുടെ ദീപ്തമായ സ്മരണകളെ നിറയ്ക്കുന്നുണ്ട്.

എഴുത്താളർ നിർവഹിക്കേണ്ട സാമൂഹികവും ചരിത്രപരവും ചിന്താപരവുമായ ദൗത്യമാണ് റൂബിയുടെ തൂലികയും നിർവഹിച്ചിട്ടുള്ളതെന്ന് കഥകളിലൂടെ കടന്നുപോകുമ്പോൾ നമുക്കറിയാനാകും. ഭാഷയുടെയും പ്രയോഗത്തിന്റെയും മികവും ചാരുതയും ഒറ്റയിരിപ്പിനു കഥകളെ വായിച്ചുതീർക്കാൻ പ്രേരണ നൽകുന്നതിൽ അത്ഭുതപ്പെടാനില്ല. അത്രയ്ക്കും ചടുലവും മനോഹരവുമായാണ് കഥാകാരി കഥകളെ ഒരുക്കി വെച്ചിട്ടുള്ളത്. ജീവിതത്തിന്റെ നൈസർഗ്ഗികമായ അനുഭവങ്ങളിലേക്ക് മിസ്റ്റിക്കായ ഭാവനയെ ഇഴപിരിക്കാനാകാത്ത തരത്തിൽ ഉൾചേർത്ത എഴുത്തുശൈലി അഭിനന്ദനങ്ങൾ അർഹിക്കുന്നു. അതിഭാവുകത്വത്തിനുപരിയായി ജീവിതത്തോട് ചേർന്നുനിൽക്കുന്ന, അതിന്റെ ചൂരും ചൂടും തീവ്രതയും ആവാഹിച്ച കഥകൾ വായനക്കാരെ ആകർഷിക്കുമെന്നതിൽ സംശയമില്ല. കഥപറയാനുള്ള റൂബിയുടെ മികവിന് കാലം സാക്ഷ്യമേകട്ടെ.

●